# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4592 13.11.2019-ലെ മറുപടി**

## മൂർക്കനാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | റീ-ബിൽഡ് കേരളാ പദ്ധതിയിൽ ഉൾപ്പെടുത്തി മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | റീ -ബിൽഡ് കേരളയുടെ ഒന്നാം ഗഡുവിൽ ഗുരുതരമായ പ്രളയം ബാധിച്ച ഏഴു ജില്ലകളിലെ പദ്ധതികൾ മാത്രമാണ് പരിഗണിച്ചത്. ആയതിനാൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയെ ഉൾപ്പെടുത്തിയില്ല. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സർവ്വേ നടപടികൾക്കായി തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി)& സി) | മൂർക്കനാടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിതരണ ശൃംഖല വിപുലീകരിക്കുന്ന പ്രവൃത്തിക്ക് വേണ്ടിയുള്ള സർവ്വേ നടത്തുന്നതിനു വേണ്ടി 2019-20 സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 22.4 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.സർവ്വേ നടത്തുന്നതിനു വേണ്ടിയുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി വരുന്നു. സർവ്വേ പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ; | | |
| ഡി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്ന മുറയ്ക്ക് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ഡി) | പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടു കൂടി മൂർക്കനാട് പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളായ മൂർക്കനാട്, കുറുവ , കൂട്ടിലങ്ങാടി, പുഴക്കാട്ടിരി, വടക്കേക്കര, മങ്കട എന്നീ വില്ലേജുകളിലെ നിലവിലുള്ള വിതരണ ലൈനുകളിലും പുതുതായി സ്ഥാപിക്കുന്ന വിതരണ ശൃംഖലകളിലും നിലവിലുള്ള പ്രതിദിന വിതരണ തോതായ ആളോഹരി 40 ലിറ്റർ എന്നത് ആളോഹരി 100 ലിറ്റർ എന്ന തോതിൽ ജലം ലഭ്യമാകുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ